പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2743 14.12.2015 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ചോദ്യം

ശ്രീ. കെ. അജിത്

മറുപടി

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിർമ്മാണ ത്തൊഴിലാളി ക്ഷേമ നിധിയിൽ എത്ര അംഗങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 1571947 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | രജിസ്റ്റർ ചെയ് തിട്ടുള്ള അംഗങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 270659 |
| കൊല്ലം | 77894 |
| പത്തനംതിട്ട | 62270 |
| ആലപ്പുഴ | 73972 |
| കോട്ടയം | 69207 |
| ഇടുക്കി | 62687 |
| എറണാകുളം | 113406 |
| തൃശൂർ | 131274 |
| പാലക്കാട് | 220933 |
| മലപ്പുറം | 179891 |
| കോഴിക്കോട് | 123642 |
| വയനാട് | 21978 |
| കണ്ണൂർ | 111767 |
| കാസർഗോഡ് | 52367 |

(ബി) തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് അടക്കേണ്ട വിഹിതം എത്രയെന്നും, വിഹിതം അടയ്ക്കുന്നതിന് വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ടിട്ടുള്ളവർക്ക് അംഗത്വം പുതുക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

(ബി) യും (സി) യും : ബോർഡിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന ഒരാൾ പ്രതിമാസം 20/-രൂപ എന്ന ക്രമത്തിൽ അംശദായം ഒടുക്കേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ തുടർച്ചയായി ഒരു വർഷത്തിലധികം അംശദായ കുടിശ്ശിക വന്നാൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹനല്ലാതാകുന്നു. ഇപ്രകാരം അംഗത്വം നഷ്ടപ്പെട്ടാൽ ഒരു അംഗതൊഴിലാളിയുടെ സർവ്വീസ് കാലയളവിനുള്ളിൽ രണ്ട് പ്രാവശ്യം പ്രതിമാസം 2/-രൂപ പിഴ ഒടുക്കി അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നല്കിയിട്ടുണ്ട്. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ നൽകുന്ന ഉത്തരവിൽ അപേക്ഷകന് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം പ്രസ്തുത ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും, ബോർഡിന്റെ തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്. രണ്ടിലധികം തവണ അംശദായ കുടിശ്ശിക വന്ന് അംഗത്വം നഷ്ടപ്പെട്ടവർക്ക് ഒരു അവസരം കൂടി നൽകുന്നതിന്റെ ഭാഗമായി 2016 മാർച്ച് 31 വരെ അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) അത്തരക്കാർക്ക് അംഗത്വം പുനഃസ്ഥാപിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(ഡി) നിർമ്മാണ തൊഴിലാളികളുടെ മക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധി വഴി ലഭിക്കുന്നതെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

(ഡി) നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങളും ഇതിനായുള്ള നടപടിക്രമങ്ങളും അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

I വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം :

ക്ഷേമ ബോർഡ് അംഗങ്ങളായവരുടെ മക്കൾക്ക് വിവിധ കോഴ്സുകൾക്ക് വിവിധ നിരക്കിലുള്ള തുക സ്കോളർഷിപ്പായി അനുവദിക്കുന്നു. വിദ്യാർത്ഥി, കോഴ്സിൽ പ്രവേശിച്ച് 45 ദിവസത്തിനകം ഫോറം 43 ൽ താഴെപ്പറയുന്ന രേഖകൾ സഹിതം ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. കുട്ടിയുടെ യോഗ്യതാ സർട്ടിഫിക്കറ്റ്
2. കുട്ടിയും ക്ഷേമനിധി അംഗവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
3. അംഗതൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ്, പാസ്സ് ബുക്ക് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

**യോഗ്യത :-** വിദ്യാർത്ഥിക്ക് യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 45% മാർക്ക് ലഭിച്ചിരിക്കണം, സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന സമയത്ത് തൊഴിലാളിക്ക് തൊട്ട് പിന്നിട്ട വർഷം ഏപ്രിൽ ഒന്നിന് ഒരു വർഷത്തെ സർവ്വീസ് ഉായിരിക്കണം, വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം സർക്കാർ അംഗീകൃതമായിരിക്കണം.

ബോർഡ് അംഗീകൃത കോഴ്സുകളും അവയ്ക്കായി അനുവദിക്കുന്ന തുകയും പട്ടിക 1 ൽ ചേർക്കുന്നു.

II. ക്യാഷ് അവാർഡ് :

ക്ഷേമ ബോർഡിൽ അംഗങ്ങളായവരുടെ മക്കളിൽ ഓരോ ജില്ലയിലും എസ്.എസ്.എൽ.സി ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്ന് ആൺകുട്ടിക്കും, മൂന്ന് പെൺകുട്ടിക്കും 2500/-, 2000/, 1500/- രൂപ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നതാണ്. (ഒരേ മാർക്ക് വന്നാൽ അംഗത്തിന്റെ സീനിയോറിറ്റി പരിഗണിക്കും). ആയതിലേക്കായി ഫോറം നമ്പർ 41 ൽ താഴെപ്പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

എ) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ്
ബി) അംഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ ഐഡന്റിറ്റി കാർഡ്, പാസ്സ് ബുക്ക് എന്നിവയുടെ കോപ്പി.

III. മെഡിക്കൽ/എഞ്ചിനിയറിംഗ് എൻട്രൻസ് കോച്ചിംഗിന് അനുവദിക്കുന്ന ധനസഹായം :

ക്ഷേമ ബോർഡിലെ അംഗങ്ങളായ മൂന്ന് വർഷം സർവ്വീസ് ഉള്ളവരുടെ മക്കൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് 5000/-രൂപ ധനസഹായം അനുവദിക്കുന്നു.

+2, വി.എച്ച്.എസ്.സി എന്നീ കോഴ്സുകളിൽ 50 ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങി പാസ്സായവർക്ക് താഴെപ്പറയുന്ന രേഖകൾസഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

എ) നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ
ബി) എൻട്രൻസ് കോച്ചിംഗ് പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രം
സി) ഫീസ് അടച്ചതിന്റെ റസീപ്റ്റ്
ഡി) നിലവിൽ പഠിക്കുന്ന സ്ഥാപനത്തിലെ കോഴ്സ് സർട്ടിഫിക്കറ്റ്/അഡ്മിഷൻ കാർഡ്/ഐഡന്റിറ്റി കാർഡ്/പാസ്സ് ബുക്ക് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
ഇ) എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക് ലിസ്റ്റ്
എഫ്) +2/വി.എച്ച്.എസ്.സി പരീക്ഷയുടെ മാർക്ക് ലിസ്റ്റ്

IV. വിവാഹ ധനസഹായം :

മൂന്ന് വർഷം സജീവാംഗത്വമുള്ള അംഗതൊഴിലാളികളുടെ രണ്ട് മക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതാണ്. സ്ത്രീകളുടെ വിവാഹത്തിന് 3000/-രൂപയും, പുരുഷന്മാരുടെ വിവാഹത്തിന് 2500/-രൂപയും അനുവദിക്കുന്നതാണ്. ആയതിലേക്കായി താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

എ) വിവാഹ സർട്ടിഫിക്കറ്റ്
ബി) ബന്ധുത്വ സർട്ടിഫിക്കറ്റ്
സി) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
ഡി) സാക്ഷ്യപ്പെടുത്തിയ ഐഡന്റിറ്റി കാർഡിന്റെയും പാസ്സ് ബുക്കിന്റെയും കോപ്പി

V. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ബിൽഡിംഗ് ടെക്നോളജി
(കാർപ്പന്ററി & വുഡ് പ്രോസ്സസിംഗ് കോഴ്സ്) :

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ബിൽഡിംഗ് ടെക്നോളജിയിൽ കാർപ്പന്ററി & വുഡ് പ്രോസ്സസിംഗ് കോഴ്സിലേക്ക് ഉപരിപഠനത്തിന് അപേക്ഷ ക്ഷണിക്കുന്നുണ്ട്. കാർപ്പന്ററി ട്രേഡിൽ ഐ.റ്റി.ഐ കോഴ്സും എസ്.എസ്.എൽ.സിയും പാസ്സായ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിലെ അംഗങ്ങളായ 18 നും 35 നും ഇടയക്ക് പ്രായമുള്ള തൊഴിലാളികൾ/ അംഗങ്ങളുടെ മക്കൾ ക്ക് അപേക്ഷിക്കാം. ട്രെയിനിംഗിന്റെ കാലാവധി ആറ് ആഴ്ചയാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം, ട്രെയിനിംഗിനുള്ള മറ്റ് ചെലവുകൾ എന്നിവ സൗജന്യമായി നൽകുന്നു. ആയതിലേക്കായി ബോർഡിൽ നിന്നും ഒരു വ്യക്തിക്ക് 6000/-രൂപ ധനസഹായം അനുവദിക്കുന്നു.

ആവശ്യമായ രേഖകൾ :

എ) എസ്.എസ്.എൽ.സി & ഐ.റ്റി.ഐ സർട്ടിഫിക്കറ്റ്
ബി) ബോർഡിൽ നിന്നും അംഗം/രക്ഷകർത്താവിന് കിട്ടിയ പാസ് ബുക്ക്, ഐ.ഡി കാർഡ്
സി) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
ഡി) സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റ് ചെയ്യാത്ത രണ്ട് കോപ്പി എന്നിവ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

VI. അംഗതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം :

നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കൾക്ക് 2011 അദ്ധ്യയന വർഷത്തിൽ മെഡിസിൻ/എഞ്ചിനിയറിംഗ് കോഴ്സിൽ സർക്കാർ സീറ്റിൽ അംഗത്വം നേടിയവരിൽ 340 പേർക്ക് ഈ ബോർഡിൽ നിന്നും ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്

Deepa
സെക്ഷൻ ഓഫീസർ

## പട്ടിക- I

| ക്രമനം. | കോഴ്സിന്റെ പേര് | തുക |
|---|---|---|
| 1. | ടി.ടി.സി | 750 |
| 2. | ഐ.ടി.ഐ, ഐ.ടി.സി, ജെ.ടി.എസ് | 850 |
| 3. | പോളിടെക്നിക്ക് | 1000 |
| 4. | കമ്പ്യൂട്ടർ കോഴ്സ് | 1250 |
| 5. | കമ്പ്യൂട്ടർ പി.ജി.ഡി.സി.എ | 2400 |
| 6. | പ്ലസ് 1, പ്ലസ് 2, വി.എച്ച്.എസ്.സി., ടി.എച്ച്.സി | 750 |
| 7. | ഡിഗ്രി കോഴ്സുകൾ | |
| | എ)ബി.എ | 1000 |
| | ബി) ബി.എസ്.സി | 1000 |
| | സി) ബി.കോം | 1000 |
| | ഡി) ഡി.എസ്.എസ് | 1000 |
| 8. | എ) ബി.ബി.എ, | 840 |
| | ബി) ബി.സി.എ | 840 |
| | സി) ബി.കോം (കമ്പ്യൂട്ടർ) | 840 |
| 9. | പോസ്റ്റ് ഗ്രാജുവേഷൻ | |
| | എ) എം.എ | 1250 |
| | ബി) എം.എസ്.സി | 1250 |
| | സി) എം.കോം | 1250 |
| 10. | ബി.എഡ് | 1250 |
| 11. | എ. നഴ്സിംഗ് ഡിപ്ലോമ (ജനറൽ) | 1200 |
| | ബി. നഴ്സിംഗ് (ഡിഗ്രി) | 1200 |
| 12. | പാരാമെഡിക്കൽ കോഴ്സുകൾ<br>ഡിപ്ലോമ ഇൻ ഫാർമസി (5 വർഷം)<br>ഡിഗ്രി ഇൻ ഫാർമസി (5 വർഷം)<br>എം.എൽ.ടി (3 വർഷം)<br>സി.ആർ.എ<br>ഒപ്താൽമിക് അസിസ്റ്റന്റ് കോഴ്സ് (2 വർഷം)<br>ഡെന്റൽ മെക്കാനിക് കോഴ്സ് (2 വർഷം)<br>ഡിപ്ളോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി (DRT) | 1800 |
| 13. | പ്രൊഫഷണൽ കോഴ്സുകൾ<br>എഞ്ചിനീയറിംഗ്<br>എം.ബി.ബി.എസ്<br>ബി.എസ്.സി (അഗ്രികൾച്ചർ)<br>ബി.എസ്.സി (വെറ്റിനറി)<br>ബി.എച്ച്.എം.എസ്<br>ബി.എ.എം.എസ്<br>എൽ.എൽ.ബി (5 വർഷം, 3 വർഷം)<br>ബി.ഡി.എസ്<br>എൽ.എൽ.എം<br>പി.സി.(2 വർഷം) | 2500 |

| | | |
|---|---|---|
| 14. | സർട്ടിഫിക്കറ്റ് കോഴ്സുകൾ | 750 |
| | ഷോർട്ട് ഹാൻഡ്, ടൈപ്പ്റൈറ്റിംഗ്, | |
| | അക്കൗണ്ടൻസി, ബുക്ക് കീപ്പിംഗ് | |
| | സെക്രട്ടറിയേറ്റ് പ്രാക്ടീസ്, ഡി,ടി.പി. | |
| 15. | നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് | 750 |
| 16. | എം.സി.എ/എം.ബി.എ | 2500 |
| 17. | ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് | 2400 |
| 18. | എം.ഡി.എം.എസ് | 3000 |
| 19. | എച്ച്.ഡി.സി. | 1250 |
| 20. | ജെ.ഡി.സി | 1000 |
| 21. | ഡിഗ്രി ഇൻ ഫൈനാർട്സ് | 1000 |
| 22. | ഗവൺമെന്റ് മ്യൂസിക് അക്കാദമിയിലെ | |
| | എല്ലാ കോഴ്സുകളും | 1000 |
| | ഡിപ്ലോമ | 1000 |
| | ഡിഗ്രി | 1250 |
| 23. | ഡി.പി.ടി | 1000 |
| 24. | ബി.പി.ടി | 1000 |
| 25. | എം.പി.ടി | 1250 |
| 26. | ഫിസിക്കൽ എഡ്യൂക്കേഷൻ (ഡിപ്ലോമ) | 1000 |
| | ഫിസിക്കൽ എഡ്യൂക്കേഷൻ (ഡിഗ്രി) | 1250 |
| 27. | ചാർട്ടേർഡ് അക്കൗണ്ടന്റ് | 1250 |
| 28. | ജേർണലിസം | 1250 |
| | (ഡിഗ്രി, - ഡിപ്ളോമ) | |
| 29. | എല്ലാ ടൂറിസം കോഴ്സുകളും | 1250 |
| | (കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്) | |
| 30. | ഡി.എ.എം.എസ്. | 1250 |
| 31. | ബി.എഫ്.എസ്.സി | 1250 |
| 32. | എം.എസ്.ഡബ്ല്യു. | 1250 |
| 33. | എം.ജെ/എം.എസ്.ജെ/എം.ജെ.സി | 1250 |
| 34. | എം.ബി.എഫ് | 1250 |
| 35. | എം.ഫിൽ | 1250 |
| 36. | എം.എഡ് | 1250 |
| 37. | എം.പി.എച്ച് | 1250 |
| 38. | എം.എച്ച്.എ | 1250 |
| 39. | എം.പി.ഇ | 1250 |
| 40. | എം.എം.എസ്.സി | 1250 |
| 41. | എം.ഇ.എം | 1250 |
| 42. | എം.ഫാം/എം.എസ്.സി നേഴ്സിംഗ് | 1250 |
| 43. | എം.ടി.ആർക്കിടെക്ച്ചർ | 1250 |
| 44. | എം.പി.എസ്.സി | 1250 |

| | | |
|---|---|---|
| 45. | മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ | 1250 |
| 46. | എ.എം.ഐ.ഇ.<br>(Associated Membership in Electronic & Telecommunication Engineering) | 1000 |
| 47. | ഫാഷൻ ഡിസൈനിംഗ് (ഡിഗ്രി കോഴ്സ്) | 1000 |
| 48. | ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (ഡിഗ്രി കോഴ്സ്) | 1000 |
| 49. | ഫയർ ആന്റ് സേഫ്റ്റി കോഴ്സ് | 1000 |
| 50. | ബി.എസ്.സി. എയറോനോട്ടിക്കൽ അപ്ലൈഡ് സയൻസ് | 1250 |
| 51. | ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് | 1000 |
| 52. | എയർഹോസ്റ്റസ് കോഴ്സ് | 1000 |
| 53. | കമ്പ്യൂട്ടർ ടി.ടി.സി. | 750 |
| 54. | ബാച്ചിലർ ഓഫ് വൊക്കേഷണൽ തെറാപ്പി | 1800 |
| 55. | പോസ്റ്റ് ഡിപ്ലോമ ഇൻ ടൂൾ ഡിസൈനിംഗ് | 1250 |
| 56. | എയറോനോട്ടിക്കൽ മറൈൻ എഞ്ചിനീയറിംഗ് | 2500 |
| 57. | ലിഫ്റ്റ് ടെക്നോളജി | 1000 |

Deepa
സെക്ഷൻ ഓഫീസർ